GOVT HIGH SCHOOL

VAZHOOR

# ACADEMIC MASTER PLAN

# 2025-26

# PROFILE

| | |
|---|---|
| Name of School | : Govt. High School, Vazhoor. |
| Date of Establishment | : 1913 |
| Name of Village | : Vazhoor |
| Name of Panchayat | : Vazhoor |
| Name of Block | : Vazhoor |
| Name of BRC | : BRC ,Karukachal |
| Name of District | : Kottayam |
| Name of Sub-District | : Karukachal |
| Name of HM | : Mrs. Mini M |
| Mobile Number | : 9446086349. |
| Senior Assistant | : Mr. Lal Varghese. |
| E.mail ID | : ghsvazhoor.vazhoor@gmail.com. |
| School code | : 32062 |
| Name of Taluk | : Changanasseri |

# ആമുഖം

പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കുവാൻ വിദ്യാഭ്യാസ സമൂഹം പ്രതിജ്ഞാബദ്ധമാണ്. ഒരോ വിദ്യാലയവും സമൂഹത്തിന്റെ എല്ലാവിഭാഗങ്ങൾക്കും തണലേകുന്ന സാമൂഹ്യസ്ഥാപനങ്ങളായി വളരേണ്ടതാണ്. ആ അടിസ്ഥാനത്തിലാണ് മിഷൻ 100 എന്ന പേരിൽ വിദ്യാഭ്യാസവകുപ്പ് കൂടുതൽ ശാക്തീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

പത്തുവർഷം മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ ആ ബൃഹദ്പദ്ധതിയിലൂടെ തുടർച്ചയായിട്ടാണ് കാലാനുഗതമായ മാറ്റങ്ങൾ ഉൾച്ചേർത്തുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. നിലവിലുള്ള പ്രവർത്തനങ്ങൾ കൂടാതെ കൂടുതൽ പ്രവർത്തനങ്ങളും അവയുടെ പ്രക്രിയകളും ഈ മാസ്റ്റർപ്ലാനിൽ സമൂചിതമാക്കിയിട്ടുണ്ട്.

ഒരോ ക്ലാസ് കഴിയുമ്പോഴും കുട്ടി നേടേണ്ട ഭിന്നശേഷികളെ മുന്നിൽ കണ്ടുകൊണ്ട് അത് കുട്ടിയ്ക്ക് നേടുവാൻ കഴിയുന്ന വിവിധ പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർപ്ലാനിൽ ഉൾച്ചേർത്തിരിക്കുന്നത്. ഈ പ്രവർത്തനങ്ങളിലൂടെ പത്താം ക്ലാസ് കഴിയുമ്പോൾ കുട്ടി നേടേണ്ട എല്ലാശേഷികളും നേടിയിരിക്കും എന്നതിൽ തർക്കമില്ല.

# പൊതുവിശകലനം.

കോട്ടയം ജില്ലയിൽ കെ.കെ റോഡിനു സമീപത്തുള്ള ഒരു പ്രദേശമാണ് വാഴൂർ. ഈ പ്രദേശത്ത് കേരളത്തിലെ മറ്റു പ്രദേശങ്ങൾ പോലെ തന്നെ കൃഷിയായിരുന്നു ജനങ്ങളുടെ ഉപജീവനമാർഗ്ഗം.

സ്വാതന്ത്ര്യസമര കാലഘട്ടത്തിലും അതിനു മുമ്പുള്ള നവോത്ഥാന കാലവുമായി വിദ്യാഭ്യാസത്തിന് കേരളീയസമൂഹത്തിൽ പ്രാധാന്യം കൈവന്നു. മിഷണറിമാരുടെ വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾ മുന്നേറ്റത്തിന് കരുത്തേകി.

ഓരോ നാട്ടിലെയും അഭ്യുദയകാംക്ഷികളായ ആൾക്കാർ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. അങ്ങനെ മഠത്തിൽ ഗോവിന്ദപിള്ള എന്ന ക്രാന്തദർശിയായ വ്യക്തി 1913-ൽ നമ്മുടെ വിദ്യാലയത്തിന് തുടക്കമിട്ടു. ഒരു പ്രൈമറിസ്കൂളായി ആരംഭിച്ച നമ്മുടെ വിദ്യാലയത്തിന്റെ സ്ഥാപനത്തിന് വാഴൂർ തീർത്ഥപാദാശ്രമത്തിലെ വിദ്യാധിരാജ സ്വാമികളുടെ പിന്തുണയും ഉണ്ടായിരുന്നു. വാഴൂർ ഗ്രാമപ്രദേശത്തിലെ സാധാരണക്കാരായ ആളുകൾക്ക് വിദ്യാഭ്യാസകാര്യത്തിൽ ഏക ആശ്രയമായിരുന്നു നമ്മുടെ സ്കൂൾ.

1982-ൽ നമ്മുടെ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ധാരാളം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങി. 2013-ൽ നമ്മുടെ വിദ്യാലയം ശതാബ്ദി ആഘോഷിക്കുകയുണ്ടായി.

പൊൻകുന്നം വർക്കി, രാഷ്ട്രീയത്തിന്റെ വീരനായ-
കൻ ശ്രീ. പി. ടി. ചാക്കോ എന്നിവർ നമ്മുടെ
വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണെന്ന്
ചരിത്രം രേഖപ്പെടുത്തുന്നു.

## ലക്ഷ്യങ്ങൾ

* പ്രീ-പ്രൈമറി മുതൽ പത്താം ക്ലാസ്സ് വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിൽ തന്നെ ഓരോ കുട്ടിയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
* പഠനവിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം. കലാ-കായിക പ്രവൃത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കുക. ആരോഗ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കുക. ഓരോ കുട്ടിയും മൂന്ന് ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടിയിരിക്കണം.
* എല്ലാ കുട്ടികൾക്കും എല്ലാ മേഖലയിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
* അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
* ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
* ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

* ക്ലാസ് മുറികളിൽ ICT അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
* സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
* ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, പ്രൊജക്ടുകൾ, സെമിനാറുകൾ എന്നിവ പ്രയോജനപ്പെടുത്തും.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. കലാ കായിക പ്രവൃത്തി പഠനമേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
3. ഓരോ ക്ലാസിന്റെയും നിലവാരത്തിനനുസരിച്ച് ഭാഷാശേഷികൾ ആർജ്ജിക്കാത്ത അവസ്ഥ
4. ഓരോ വിഷയത്തിലും കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്.
5. കുട്ടികൾ അനുഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന ക്രമരഹിത ഹാജരും പഠന പിന്നോക്കാവസ്ഥയും.
6. സാമൂഹ്യജീവിതത്തിന് ആവശ്യം വേണ്ട പെരുമാറ്റരീതികളുടെ / ശീലങ്ങളുടെ വികാസക്കുറവ്.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം
2. എല്ലാ ക്ലാസ്സ്മുറികളിലും ICT അധിഷ്ഠിതപഠനം ഉറപ്പാക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.
3. പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ-കായിക-പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
4. ഭാഷാലാബ് പൂർണ്ണമായും പ്രവർത്തനക്ഷമമല്ല.

## സാമൂഹികം.

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ധനാത്മകമായി ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹികപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധമില്ല.
2. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

# അധ്യാപകരും വിവരങ്ങളും.

| Sl. No. | അധ്യാപകന്റെ പേര് | സബ്ജക്റ്റ്കൗൺസിൽ | ക്ലാസ്, ചുമതല |
|---|---|---|---|
| 1. | മിനി എം [ഹെഡ്മിസ്ട്രസ്] | All | |
| 2. | ലാൽ വർഗീസ് | Social Science (HS) | Senior Assistant<br>Social Science club |
| 3. | ഷീല മർക്കോസ് | Mathematics (HS) | SITC, Maths Club. |
| 4. | ബിനി പി ജി | English (HS) | Sradha |
| 5. | ഷീനിമോൾ റ്റി പി | Hindi (HS) | JRC, Haritha Sabha |
| 6. | ഷിജു മാത്തച്ചൻ | Physical Science (HS) | VIP, Eco club, Vimukhthi club. |
| 7. | സുനിത ഇ ബി | Malayalam (HS) | Student Saving Scheme<br>Library |
| 8. | ലിജി. പി. സ്കറിയ | Maths (UP) | SRG Convenor |
| 9. | രശ്മി ആർ | English (UP) | PSITC, Society. |
| 10. | സവിത ചന്ദ്രൻ | Basic Science (UP) | Noon-meal |
| 11. | പൊന്നമ്മ കെ ജി | | Changalthikkoru Maram. |
| 12. | ഷിജിനത് എം എസ് | | Staff secretary |
| 13. | ഷീജാ. ടി | | Students travel Convenience. |
| 14. | സരിത . ടി. പി | | School level Sanitation committee, Health. |
| 15. | ജിതി ചെറിയാൻ | Pre-Primary | Discipline |
| 16. | ചിഞ്ചു മധുസൂദനൻ | Counselling | Counselling. |
| 17. | സ്വാതി | Work Instructor | Work Experience<br>Teens club |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ്സ് | VI | HI | MR | ഓട്ടിസം | പഠനവി. ഭ്രംശം | അംഗപരി മിതി. | ആകെ |
|---|---|---|---|---|---|---|---|
| 1 | | | | | | 1 Ceribral palsy | 1 |
| 2 | | | 1 | | | | 1 |
| 3 | | 1 | | | 1 | | 2 |
| 4 | | | | | 1 | | 1 |
| 5 | | | 1 | | 1 | | 2 |
| 6 | | | | | - | | - |
| 7 | | | | | 1 | | 1 |
| 8 | | | | | - | | - |
| 9 | 1 | | | | 1 | | 2 |
| 10 | | | | | | 1 cerebral palsy | 1 |
| Pre-Primary. | | | | | | | |
| Total. | 1 | 1 | 2 | - | 5 | 2 | 11 |

ഭിന്നശേഷിയുള്ള കുട്ടികൾ.

| | | | |
|---|---|---|---|
| I | Anaya Midhun | C.P | |
| II | Adone | MR | |
| III | Arav | LD | |
| | Noha | HI | |
| IV | Devananda Jinu | LD | |
| V | Abin Girish | MR | Certified |
| | Lakshan | L.D | |
| VII | Abiya | L.D | |
| IX | Remya Benny | LD | |
| | Anandhu | VI | |
| X | Vajinath | CP | Certified. |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| Sl.No | വിഭാഗം | നിലവിൽ ഉള്ളത് | ഇനി ആവശ്യമുള്ളത്. |
|---|---|---|---|
| 1. | ക്ലാസ്സ് മുറി | 9 | 1 |
| 2. | ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 | 2 |
| 3. | പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 7 | - |
| 4. | കിണർ | 2 | |
| 5. | ലൈബ്രറി | 1 | |
| 6. | ചുറ്റുമതിൽ | 1 (broken) | 1 |
| 7. | കളിസ്ഥലം | 1 | |
| 8. | ക്ലാസ്സ് മുറിയിൽ റാമ്പ് | 2 | |
| 9. | അടുക്കള | 1 | |
| 10. | കമ്പ്യൂട്ടർ ലാബ് | 1 | |
| 11. | റീഡിംഗ് റൂം | - | 1 |
| 12. | സ്കൂൾ ബസ് | - | 1 |
| 13. | വിഷയ ലാബുകൾ | - | 3 |
| 14. | ഫ്രിഡ്ജ് | 1 (unfit) | 1 |
| 15. | ലാപ്ടോപ്പ് | | |
| 16. | പ്രൊജക്ടർ | 4 | 6 |
| 17. | സ്മാർട്ട് ടി വി | 2 | |
| 18. | സ്മാർട്ട് ക്ലാസ്സ് റൂം. | 1 | 2 |

# മികവ് റിപ്പോർട്ട് [2024-2025]

* നമ്മുടെ സ്കൂൾ മികവിന്റെ 112 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്. SSLC പരീക്ഷയിൽ തുടർച്ചയായി 9-ാം തവണയും 100% വിജയം നമുക്ക് ലഭിച്ചു. കൂടാതെ Kumari Akshara Lakshmi Arun എല്ലാ വിഷയങ്ങൾക്കും A+ നേടി നമ്മുടെ വിജയത്തിളക്കത്തിന് ഒരു പൊൻതൂവൽ കൂടി ചാർത്തി.
* SBI യുടെ സഹകരണത്തോടെ നമ്മുടെ സ്കൂളിൽ സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിക്കുകയും 2024 July-4 ഉദ്ഘാടനം നടത്തുകയും ചെയ്തു.
* ഉപജില്ലാ കലോത്സവം, ശാസ്ത്രമേള, പ്രവർത്തി പരിചയമേള എന്നിവയിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച ഗ്രേഡുകൾ നേടുകയും ചെയ്തു.
* ശാസ്ത്രമേളയിൽ അക്ഷരലക്ഷ്മി അരുൺ, ആദിത്ത് പ്രസാദ് എന്നീ കുട്ടികൾ Ist A grade നേടുകയും ജില്ലാ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.
* ഉപജില്ലാ പ്രവർത്തി പരിചയമേളയിൽ ഗൗതം ദിലീപ് A grade നേടുകയും ജില്ലാമത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.
* നാടൻ ഭക്ഷണങ്ങളുടെ മേന്മ കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനായി നവംബർ 26-ന് നടത്തിയ food fest വൻവിജയമായിരുന്നു.
* വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിച്ച പുസ്തകാസ്വാദനത്തിൽ അക്ഷരലക്ഷ്മി അരുൺ ഉപജില്ലാതലത്തിൽ Ist prize നേടി.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

മുഴുവൻ വിദ്യാർത്ഥികളെയും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുന്ന പദ്ധതി- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി- വാഴൂർ ഗവ. ഹൈസ്കൂളും സജീവ പങ്കാളിത്തം വഹിക്കുന്നു.

വിദ്യാഭ്യാസ പ്രക്രിയയിൽ ഒരു കുട്ടി" ഒരു യൂണിറ്റായി കണ്ടുകൊണ്ട് ആവശ്യമായ പഠന പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി പഠനവിടവുകൾ പരിഹരിക്കുന്നു. ഇതിനായി അധ്യയനവർഷാരംഭത്തിൽ pre-test കളും bridging class കളും നടത്തി, വിവിധ പഠനതന്ത്രങ്ങളുടെ ആവിഷ്കാരം, സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തൽ, രേഖപ്പെടുത്തൽ, അധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങൾ - Action Research. സമിതികളുടെ രൂപീകരണം, രക്ഷിതാക്കളുടെ പൂർണ്ണ സഹകരണം, Experts. ന്റെ class കൾ ക്രമീകരിക്കൽ, ചെയ്യുന്ന പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി പഠനോത്സവങ്ങൾ, ശാസ്ത്രോത്സവങ്ങൾ എന്നിവ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

# തനത് പ്രവർത്തനങ്ങൾ

* MIDDAY LITERARY PROGRAMME

കുട്ടികളുടെ സർവ്വതോന്മുഖമായ വ്യക്തിത്വ വികാസം ലക്ഷ്യമാക്കിക്കൊണ്ട് സ്കൂളിൽ വിജയകരമായി പ്രവർത്തിച്ചു വരുന്ന ഒരു പദ്ധതിയാണ് 'അക്ഷരജ്വാല'. കുട്ടികളുടെ സഭാകമ്പം മാറ്റുന്നതിനും മികച്ച പ്രോഗ്രാം അവതാരകരാക്കുന്നതിനും ഇതിലൂടെ സാധിക്കും എന്നത് ഈ പ്രോഗ്രാമിന്റെ ഒരു മേന്മയാണ്. കുട്ടികൾ നേടിയെടുക്കുന്ന അക്കാദമിക അറിവുകൾ ഒരു പൊതു സദസ്സിനു മുമ്പിൽ അവതരിപ്പിക്കാൻ ഉള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ ഈ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയുന്നു എന്നത് ഒരു മികച്ച നേട്ടമാണ്. പിടിഎ യുടെ പൂർണ്ണ പിന്തുണ ഈ പ്രോഗ്രാമിന് ലഭിക്കുന്നുണ്ട്.

മിഡ്ഡേ ലിറ്ററി പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ

- ന്യൂസ് റീഡിംഗ്
- വായനാക്കുറിപ്പ് അവതരണം
- കവിതാ പാരായണം
- ഗാനാലാപനം.

## WEEKLY QUIZ PROGRAMME - 'BRAIN BUZZ'

കുട്ടികളുടെ പൊതുവിജ്ഞാനം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ LP, UP, HS തലങ്ങളിൽ പ്രത്യേകമായി നടത്തിവരുന്ന ക്വിസ് പ്രോഗ്രാമാണ് 'BRAIN BUZZ'. പത്രവാർത്തയെ അടിസ്ഥാനമാക്കിയുള്ള ഒരു ക്വിസ് പ്രോഗ്രാമാണിത്. എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1.15 pm മുതൽ 1.45 pm വരെയുള്ള സമയത്താണ് ക്വിസ് മത്സരം നടത്തുന്നത്. മത്സരവിജയികൾക്ക് സ്കൂൾ അസംബ്ലിയിൽ സമ്മാനം നൽകുകയും ചെയ്യുന്നു. ഓരോ ആഴ്ചത്തെയും ചോദ്യങ്ങളും ഉത്തരങ്ങളും ക്വിസ് ബുക്കിൽ എഴുതി ചേർക്കുകയും ഫെബ്രുവരി അവസാന ആഴ്ചയിൽ ഈ ചോദ്യങ്ങളെല്ലാം ഉൾപ്പെടുത്തി മെഗാക്വിസ് നടത്തുകയും ചെയ്യുന്നു. ക്വിസ് മത്സരത്തിലെ ചോദ്യങ്ങളും ഉത്തരങ്ങളും അടങ്ങുന്ന ഒരു 'ക്വസ്റ്റ്യൻ ബാങ്ക്' തയ്യാറാക്കുകയും ചെയ്യുന്നു.

## * LANGUAGE LABORATORY

കുട്ടികളുടെ ഭാഷാശേഷി ഇന്റർ നാഷണൽ ലെവലിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച Language Lab വിജയകരമായി പ്രവർത്തിച്ചു വരുന്നു. ഓൺലൈൻ പഠനത്തിന്റെ ആദ്യവർഷം എഴുത്തിന് സാധ്യത തീരെ കുറവായതിനാൽ കുട്ടികളുടെ speaking skills മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്കാണ് കൂടുതൽ ഊന്നൽ നല്കിയത്. അതുകൊണ്ട് തന്നെ speaking skill-ന്റെ components ആയ vocabulary pronounciation voice modulation , phonetics എന്നിവയ്ക്ക് കൂടുതൽ ശ്രദ്ധ കിട്ടി. sounds പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധ്യപ്പെട്ടു. 2022-'23 മുതൽ Eccube Language Lab എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ KITE തുറക്കുകയും കേരളത്തിലെ എല്ലാ അധ്യാപകർക്കും പരിശീലനം നല്കുകയും ചെയ്തു. അതിനാൽ ചിട്ടയോടെ language lab കുട്ടികൾക്ക് പ്രാക്ടീസ് ചെയ്യാൻ സാധിച്ചു. വ്യക്തിഗതമായി Head set ഇല്ല എന്നതൊഴികെ ഏതൊരു ഹൈടെക് ലാബ് പോലെയും നമ്മുടെ ലാബ് പ്രവർത്തിച്ചു വരുന്നു.

* ഭിന്നശേഷി കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

- ചിത്രങ്ങളിലൂടെ പാഠഭാഗത്തിന്റെ ആശയം കുട്ടികളിലെത്തിക്കുന്നു.
- ഭാഷാവിഷയങ്ങൾക്ക് അക്ഷരകാർഡുകൾ നല്കി അവ തിരിച്ചറിഞ്ഞ് വേർതിരിക്കുന്ന പ്രവർത്തനം.
- പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ (സയൻസ് വിഷയങ്ങൾ) പങ്കാളിത്തം ഉറപ്പു വരുത്തുന്നു.
- ഗണിത പഠനത്തിന് മോഡലുകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നു.
- സമൂഹത്തിൽ ജീവിക്കാനാവശ്യമായ ബേസിക് അറിവുകൾ പകർന്നു നല്കുന്നു.

* 'ഒപ്പം ഒപ്പത്തിനൊപ്പം' എന്ന പ്രോഗ്രാമിലൂടെ മലയാള ഭാഷ, ഗണിതം എന്നീ വിഷയങ്ങളിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിച്ച് വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പു വരുത്തുന്നു.

# LP വിഭാഗം

G.H.S. Vazhoor

# അക്കാദമിക് മാസ്റ്റർ പ്ലാൻ std : I മലയാളം

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
* കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

## പ്രവർത്തന പദ്ധതി

**June** -

* ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. (ടീച്ചർ കഥകൾ കേൾപ്പിച്ച് കൊടുക്കുന്നു.)
* പാട്ടുകൾ താളത്തിൽ ഒറ്റയ്ക്കും ഗ്രൂപ്പായും കളിച്ചു പാടുന്നു
* പ്രകൃതി നിരീക്ഷണം നടത്തി ആശയങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

**July**

* പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി, ടീച്ചർ വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥ കുട്ടി ക്ലാസിൽ പറഞ്ഞു കേൾപ്പിക്കുന്നു.
* സംയുക്ത ഡയറി എഴുതി തുടങ്ങുന്നു.
* ചുറ്റുപാടുകളിലെ ആശയങ്ങൾ ചിത്രീകരിക്കുന്നു (ചെടികൾ, പൂക്കൾ, പറവകൾ ...)

**ആഗസ്റ്റ്.**

* ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വീട്ടിലേക്ക്.
* സംയുക്ത ഡയറി – തുടരുന്നു.
* വായന പാഠങ്ങൾ നൽകുന്നു.
* ചെറുവിവരണം എഴുതുന്നു. 2/3 വാക്യങ്ങൾ

**സെപ്റ്റംബർ**

* ചിത്രവായന നടത്തി കഥ അവതരിപ്പിക്കുന്നു.
* ചിത്ര വായന കാർഡുകൾ തയ്യാറാക്കുന്നു.
* വായന പാഠങ്ങൾ വായിക്കുന്നു.
* ഡയറിയെഴുത്ത് – 3/4 വാക്യങ്ങൾ

## ഒക്ടോബർ

* ലളിതമായ ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നു.
* ചെറുവിവരണം സഹായത്തോടെ എഴുതുന്നു.
* ഡയറിയെഴുത്ത് - കൂടുതൽ വാക്യങ്ങൾ.
* പാട്ടിന് വരികൾ കൂട്ടിച്ചേർക്കുന്നു.

## നവംബർ

* ചിത്രകഥകൾ വായിക്കുന്നു.
* ചെറുവിവരണം സഹായത്തോടെ എഴുതുന്നു.
* സംഭാഷണം - കൂട്ടിച്ചേർക്കുന്നു.
* പ്രകൃതി നിരീക്ഷണം നടത്തി (ജീവികൾ, വാസസ്ഥലം.. etc) നിരീക്ഷിച്ച കാര്യങ്ങൾ അവതരിപ്പിക്കുന്നു.

## ഡിസംബർ

* ചെറുവിവരണം എഴുതുന്നു.
* വായന കാർഡുകൾ ഉണ്ടാക്കുന്നു.
* വായന കാർഡുകൾ വായിക്കുന്നു.

## ജനുവരി

* ഡയറി സഹായമില്ലാതെ എഴുതുന്നു.
* പാട്ടുകൾക്ക് വരികൾ കൂട്ടിച്ചേർത്ത് അവതരിപ്പിക്കുന്നു.

## ഫെബ്രുവരി

* ചെറുവിവരണം സഹായമില്ലാതെ എഴുതുന്നു.
* ചെറു ബാലസാഹിത്യ കൃതികൾ വായിക്കുന്നു.

## മാർച്ച്

* ചിത്രകഥകൾ വായിക്കുന്നു.
* പത്രത്തിലെ തലക്കെട്ടുകളും വാർത്തകളും വായിക്കുന്നു.
* ചെറുവിവരണം, ഡയറി ഇവ സ്വതന്ത്രമായി എഴുതുന്നു.

# Std I ഇംഗ്ലീഷ് അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ലക്ഷ്യങ്ങൾ

* ടീച്ചർ ഇംഗ്ലീഷിൽ പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* Story, rhyms ഇവ ആസ്വദിക്കുക.
* ആശയ വിനിമയശേഷി ക്ലാസ് നിലവാരത്തിനനുസരിച്ച് വർദ്ധിപ്പിക്കുക.
* വരികൾ കൂട്ടിച്ചേർത്ത് കവിതകൾ പൂർത്തിയാക്കുക.
* ചെറുവിവരണം തയ്യാറാക്കുകയും വായിക്കുകയും ചെയ്യുക.
* Reading & writing -(Text and small books)
* Voccabulary വർദ്ധിപ്പിക്കുക.
* ചെറു സംഭാഷണം പൂർത്തീകരിക്കുക.

**June** - • Rhyms - വീഡിയോ അവതരണം.

• ഒന്നാരുക്ക്' പ്രവർത്തനങ്ങൾ.

• Voccabulary - Vehicles പരിചയപ്പെടുന്നു.

**July** - story, rhyms - വീഡിയോ അവതരണം.

I.C.T. പ്രവർത്തനങ്ങൾ -

Voccabulary - colours

**August**

• Voccabulary - animals - birds.

small description - 3/4 sentences.

**September**

• Reading cards - വായന

• Add more lines, ~~conver~~

• conversation - ചർച്ചിക്കുന്നു.

• descriptions - vehicles, fruits.

**October**

• Action words (walk, run, sing, fly ....)

• Reading cards തയ്യാറാക്കുന്നു.

**November**

I.C.T. സഹായം - story, rhyms, voccabulary -

ചിത്രം വരച്ച് description തയ്യാറാക്കുന്നു. 4/5 sentences.

**December**

Story reading (simple stories, picture stories.)

(ചിത്ര സഹായത്തോടെ)

## January:

voccabulary - sunday, monday - -

Story reading - ടീച്ചർ സഹായത്തോടെ.

rhyms, description - തുടർച്ച.

## February

Description സഹായമില്ലാതെ എഴുതുന്നു.
2/3 sentences.

Reading card സഹായമില്ലാതെ ഉണ്ടാക്കുന്നു.

ചെറുവാക്യങ്ങൾ സഹായമില്ലാതെ എഴുതുന്നു.

## March:

"Honey bee" സഹായമില്ലാതെ വായിക്കുന്നു.

"Add more lines" സഹായമില്ലാതെ പൂർത്തീകരിക്കുന്നു.

Description തനിയെ എഴുതുന്നു 4/5 sentences.

G.H.S Vazhoor



Std I - അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

2025-26

ലക്ഷ്യങ്ങൾ

- 1 മുതൽ 100 വരെ സംഖ്യാബോധം
- വലുത്, ചെറുത്, നീളംകൂടിയത്, കുറഞ്ഞത് ഇവയെ കുറിച്ച് ധാരണ.
- സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതാൻ (100-ൽ താഴെ)
- സംഖ്യാ വ്യാഖ്യാനം: 20-ൽ താഴെ.
- 100-ൽ താഴെ ഉത്തരം വരുന്നവയുടെ സങ്കലനം, വ്യവകലനം.
- സംഖ്യകളുമായി ബന്ധപ്പെട്ട പാറ്റേണുകൾ ഉണ്ടാക്കൽ
- രൂപങ്ങളുമായി ബന്ധപ്പെട്ട പാറ്റേണുകൾ ഉണ്ടാക്കൽ
- രൂപങ്ങൾ തിരിച്ചറിയുന്നതിന്.
- നാണയം നോട്ട് - പ്രാഥമിക ധാരണ
- സമയം - പ്രാഥമിക ധാരണ (രാവിലെ, രാത്രി...)
- ദിവസങ്ങളുടെയും മാസങ്ങളുടെയും പേര്.

പ്രവർത്തന പദ്ധതി.

ജൂൺ : "ഒന്നൊരുക്ക"ത്തിലെ പ്രവർത്തനങ്ങൾ.

- രൂപങ്ങൾ തിരിച്ചറിയുന്നു- ചതുരം, വൃത്തം, ത്രികോണം.
- ചിത്ര പാറ്റേണുകൾ പൂർത്തിയാക്കുന്നു.

ജൂലൈ

- മഞ്ചാടി കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ചുള്ള
- പ്രവർത്തനങ്ങളിലൂടെ സംഖ്യാബോധം (10 വരെ)

ആഗസ്റ്റ്

- സംഖ്യകൾ വ്യാഖ്യാനം – 10-ൽ താഴെ.
- സംഖ്യകൾ ചെറുതിൽ നിന്ന് വലുതിലേക്കും തിരിച്ചും ക്രമപ്പെടുത്തുന്നു.
- അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ
- നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു.

സെപ്റ്റംബർ

- സംഖ്യാബോധം ഉറപ്പിക്കാൻ I.C.T. സാധ്യത (20-ൽ താഴെ)
- സങ്കലനം, വ്യവകലനം (തുക- ഉത്തരം-20-ൽ താഴെ)
- 20-ൽ താഴെയുള്ള സംഖ്യയിൽ നിന്ന് ഒറ്റസംഖ്യ കുറയ്ക്കുന്നു.
- ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ – ധാരണ

ഒക്ടോബർ

- 100 വരെ സംഖ്യാബോധം
- പ്രായോഗിക പ്രശ്നങ്ങൾ – സങ്കലനം, വ്യവകലനം.
- വർക്ക് ഷീറ്റുകളിലൂടെ നിർധാരണം
- അളവുകൾ – ധാരണ- നീളം കൂടിയത്, കുറഞ്ഞത് അളവുകളുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ

നവംബർ

* സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ
* സംഖ്യകൾ ഉൾപ്പെട്ട പാറ്റേണുകൾ കണ്ടെത്തുന്നു.
* 'Ten frame' ഉപയോഗിച്ച് തുക കണ്ടെത്താൻ ധാരണ

ഡിസംബർ

* നീളം, ഭാരം, ഉള്ളളവ് താരതമ്യം ചെയ്യൽ.
* രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്നവയുടെ സങ്കലനം, വ്യവകലനം
* രണ്ടക്കസംഖ്യകളുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

ജനുവരി

* കറൻസികളും നാണയങ്ങളും പരിചയപ്പെടുന്നു.

ഫെബ്രുവരി

* സമയത്തെക്കുറിച്ച് ധാരണയുണ്ടാകുന്നു.
(രാവിലെ, ഉച്ചക്ക്, വൈകുന്നേരം, രാത്രി..)

മാർച്ച്

* കൂടുതൽ, കുറവ്, എത്ര കൂടുതൽ.. എത്ര കുറവ്
* പുനക്രമീകരണം വരുന്ന സംഖ്യകൾ ഉൾപ്പെട്ട സങ്കലനം.

STD : II

അക്കാദമിക മാസ്റ്റർ പ്ലാൻ

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ**

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
. വായനാ സാമഗ്രികൾ നിർമിക്കൽ
വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

**ജൂലൈ**

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.
സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്ത്**

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം
വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
ഇൻലൻറ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

Academic master plan

English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

1st Term :

നമ്മുടെ ചുറ്റുപാടിനെ ഉന്നതിയിലേക്ക്

പ്രകൃതി സംരക്ഷണം

2nd term :

ശുചിത്വം
ശീലങ്ങൾ

ശാസ്ത്രകൗതുകം, ശാസ്ത്രീയ ചിന്ത
വീടും വിദ്യാലയവും - പ്രകൃതി സൗഹൃദം.

3rd term

സാമൂഹികാരോഗ്യം
വിദ്യാലയ - സാമൂഹിക സുരക്ഷ.
എന്റെ നാടിനെ അറിയാൻ
പരസ്പര സഹകരണം - സാമൂഹികസേവനബോധം.

| ലക്ഷ്യം | പ്രവർത്തന പദ്ധതി | കാലയളവ് | ചുമതല നിർവ്വഹണം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസര അവബോധം<br>ജൈവ വൈവിധ്യം തിരിച്ചറിയൽ | സസ്യങ്ങളെ അറിയൽ<br>പ്രകൃതി നടത്തം<br>പോസ്റ്റർ പ്രദർശനം<br>പരിസ്ഥിതി - ബന്ധിതമായ ദിനാചരണങ്ങൾ | June, July | Teacher<br>Parents<br>Students | PTA |
| പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു : സംരക്ഷണം<br>ICT | Aug, Sept | | |
| ശുചിത്വം | നല്ല ശീലങ്ങൾ സ്വന്തമാക്കൽ<br>ബോധവൽക്കരണ പരിപാടികൾ | Sept - oct | " | " |
| നാടിനെ അറിയാം | Survey<br>അഭിമുഖം<br>പൊതു ഇടങ്ങൾ | Nov - Jan | " | " |
| സാമൂഹിക ഉത്തരവാദിത്വ ഇടപെടൽ | പരസ്പര സഹകരണം<br>സഹജീവികളെ മനസ്സിലാക്കി ഇടപെടൽ<br>നാടിനായി കൈകോർക്കാം. | Jan - March | " | " |

ഗണിത പ്രശ്നങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാനും നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിതക്രിയകൾ ചെയ്യ- ചെയ്യൽ ഉന്നത തലത്തിൽ ആസ്വദിക്കാനും.

നാലക്കം വരെയുള്ള സംഖ്യകൾ, സമയം, നാണയം - രൂപ, ദൂരം ഇവയെ സംബന്ധിച്ച പ്രായോഗികപ്രശ്നങ്ങളുടെ പരിഹാരം.

- 1st term.
  - രൂപങ്ങൾ പരിചയപ്പെടൽ, ആകൃതി മനസ്സിലാക്കൽ
    ഗണിതമൂലയിലെ ഫ്ലാഷ് കാർഡ്, സംഖ്യാസ്ട്രിപ്പ്, Abacus, ടാംസെറ്റ്, കളിനോട്ട്, ജ്യാമിതീയരൂപങ്ങൾ
  - സംഖ്യാബോധം
- 2nd term.
  - അളവുകൾ, - Scale
    Students Data card
  - പ്രായോഗിക പ്രശ്നപരിഹാരം.
  - മനക്കണക്കുകൾ
- 3rd term
  - ഗുണനവസ്തുത.
  - സമയം
  - ഹരണം. അടിസ്ഥാനം
  - പാറ്റേൺ

| ലക്ഷ്യം. ഉദ്ദേശ്യം. | പ്രക്രിയ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • ക്രിയകൾ | Pre-Test കളികൾ ഉപയോഗിച്ച്<br>സങ്കലന- വ്യവകലന ക്രിയാബോധം.<br>ICT | June<br>July | Tr | CPTA |
| • സംഖ്യാവ്യാപ്തം.<br>3 അക്കം - 999 വരെ<br><br>സംഖ്യാബോധം | ചാർട്ട്<br>സ്ഥാനവില, കളിനോട്ടുകൾ<br>സംഖ്യാ കാർഡുകൾ<br>അബാക്കസ്<br>ICT | August<br>September | Tr<br>parents<br>students. | PTA |
| • സങ്കലന-വ്യവകലന ക്രിയകൾ<br>- പ്രശ്നങ്ങൾ | നിത്യജീവിതവുമായി ബന്ധപ്പെട്ട<br>പ്രായോഗിക പ്രശ്നങ്ങൾ<br>അനുഭവങ്ങൾ<br>അളവ്, സമയം etc<br>worksheet. | Aug - Nov | CPTA | CPTA |
| • ഗുണന വസ്തുത<br>ബോധ്യപ്പെടൽ | കാർഡുകൾ, ഗുണനപ്പട്ടിക, worksheet<br>ICT | Dec, Jan | CPTA | PTA |
| • ഹരണക്രിയ | ICT<br>worksheets. | Feb. | " | " |

- 1st term

Aim: To develop Listening skills.
Speaking skill
Be happy with English Language.

Activities.
Pre Test
Cards.
Library books.
Hello English Activities.
Rhyming words.
Picture description.
Assembly

- 2nd term

Aim: Developing creative Speaking & writing

Activities.
Expressing thoughts, feelings.
Library
Skit
ICT

- 3rd term

Aim: Developing creative LSRW skills.
Presenting power.

Activities.
Book review
My writings.
Diary,
Exhibition.

- June to March

Aim: Handling the Reading & writing skill without any mistakes.
- Collection of vocabulary
- My English world - collection, performance.

STD III English

| Aim | Activity | Duration | Charge | Source of economy |
|---|---|---|---|---|
| To study Alphabets.<br>words.<br>Spelling. | Pre-Test<br>Writing simple words<br>Word cards.<br>" Newwords | June.<br>1st Term<br>"<br>2nd term.... | Class Tr<br>"<br>CPTA | –<br>CPTA |
| Spell the words. | Words to sentence | 3rd term. | " | " |
| Reading<br>simple words<br>simple sentences | New words from TB<br>Class Library.<br>Cards.<br>Book review | 2nd & 3rd term | Class Tr<br>CPTA | CPTA |
| Speaking English | Creating situation in classes.<br>(permission/wishes)<br>Performance in ECA programmes | ~~Class Tr~~<br>The whole Academic year<br>~~CPTA~~ | Class Tr<br>CPTA | CPTA |
| | English Fest | March | CPTA | CPTA |

ആദ്യ ടേം

ഉദ്ദേശ്യം :

നിർദ്ദേശങ്ങൾ പാലിക്കൽ

വായന - ലേഖന ശേഷി വികസനം.

പ്രവർത്തനങ്ങൾ

ചിത്രവായന, കാർഡുകൾ, പദവൃക്ഷം, ക്ലാസ്സ് ലൈബ്രറി

പത്രം, ആംഗ്യപ്പാട്ടുകൾ, ICT, അനുഭവവിവരണം,

ദിനാചരണങ്ങൾ,

രണ്ടാം ടേം മുതൽ

ഉദ്ദേശ്യം

ചിന്താശേഷി വികസനം

ആശയാവതരണം

ഭാഷാപരമായ കഴിവുകളുടെ പ്രകടനം

പ്രവർത്തനങ്ങൾ :

ലൈബ്രറി, കുറിപ്പുകൾ, ഇംഗ്ലീഷ് എഴുത്തുകൾ

ചോദ്യപ്പെട്ടി, സർഗവേള

അക്കാദമിക വർഷം.

ഉദ്ദേശ്യം : മെച്ചമായ ഭാഷ കൈകാര്യം ചെയ്യൽ (എഴുതാൻ, വായിക്കാൻ, സംസാരിക്കാൻ

പ്രവർത്തനങ്ങൾ : ഇംഗ്ലീഷ് ശബ്ദതാരാവലി

സർഗവേള

ഇംഗ്ലീഷ് ഭാഷാവിനോദം - ഉല്പന്നങ്ങൾ

ഇംഗ്ലീഷ് വായനാരുചി.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വ്യവസ്ഥ |
|---|---|---|---|---|
| വായന | Pre Test | June | Class Tr | – |
| തെറ്റില്ലാതെ | Reading card. | 1st Term | Class Tr | CPTA |
| സ്വരഭേദങ്ങളോടെ വായിക്കൽ | Class Library | June → | " | " |
| | അമ്മവായന | June – March. | CPTA | " |
| | പത്രവായന | " | PTA, Tr | – |
| ലേഖനം | കുട്ടിക്കവിത, കുട്ടിക്കഥ. | June – March | Class Tr | Tr |
| വിവിധ വ്യവഹാരരൂപങ്ങൾ എഴുതുക, ആസ്വദിക്കുക | വായനദിനം-വായന-വാരം ആചരണം- വായനക്കുറിപ്പ് | June, July | Class Tr, CPTA | CPTA |
| തെറ്റില്ലാതെ, ഭംഗിയായി എഴുതാൻ | ദിനാചരണങ്ങളുടെ കുറിപ്പ് (പതിപ്പുകൾ) | June – March. | Class Tr | – |
| | അനുഭവങ്ങളെപ്പറ്റി വിവരണം | " | " | – |
| | ക്വിസ് | 2nd term മുതൽ | " | – |
| | പോസ്റ്റർ | June – March | " | CPTA |
| | പകർത്തിയെഴുത്ത് | " | " | – |
| സർഗാത്മക വികസനം. | ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയിലൂടെ സർഗവേളകളിലൂടെ അവതരണം ക്ലാസ് പ്രവർത്തനങ്ങളിലൂടെ ഭാഷയിലെ വ്യവഹാരരൂപങ്ങൾ പ്രകടിപ്പിക്കൽ | June – March | CPTA | CPTA |

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാ കുറിപ്പ്, ആസ്വാദക കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററി-യിലൂടെ നേടൽ(CT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ. പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ പി.ടി.എ | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം ക്വിസ്, ചാർട്ട് പ്രദർശനം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ CPTA | |
| **കലക്കൂട്ടം** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചിത്രങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | SRG CPTA ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ഉറപ്പിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ. മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| ജ്യാമിതിയിലൂടെ പഠിക്കാം | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലനശേഷി വികാസം | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഭാഷാ പഠനം** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി ഇംഗ്ലീഷ് ഭാഷാപഠനം** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ ഇംഗ്ലീഷ് ഭാഷാപഠനം** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്നു മാസത്തിലൊരിക്കൽ | HM ക്ലാസ് ടീച്ചർ SMC | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലൂടെ രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ്<br>പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്നം | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | | |
| | | | | |

## പ്രകൃതിനടത്തം

